12

# എന്റെ ഹൃദയം വിതുമ്പുന്നു.

1

മനമിങ്ങുവിതുമ്പിടുന്നിതെൻ
പ്രിയമേറുന്ന ദിനങ്ങളോർക്കവേ!
ഒരുവേള വരില്ലയെങ്കിലും
സ്മരണയ്ക്കങ്ങു വിഘാതമേകുമോ?

2

ദിനമെത്രകഴിഞ്ഞുപോയ്ദ്രുതം
അറിയാവുന്നതു ക്ഷിപ്രസാദ്ധ്യമോ?
അറിവില്ലറിവില്ലയെന്നതും
ശരിയായ് വന്നുഭവിച്ചിതോവിഭോ?

3

അവിടുന്നു തിരോഭവിക്കുമെ-
ന്നരുളിചെയ്തതുടൻ ഭവിച്ചിതോ!
ഹതഭാഗ്യകിടാങ്ങളാമിവർ
കരയാൻമാത്രമതർഹരെന്നതോ?

4

പറയാൻ കഴിയില്ലഞങ്ങൾതൻ
വിധിയിന്നീവിധമായതെങ്ങനെ?
അറിവാർന്നൊരു ദുഃഖമൊന്നിനും
ഇളവൊട്ടും തരമാക്കുകില്ലയോ?

5

അഴലേറിയ നാൾകൾ പുൽകിനാൻ
മരണം മാടിവിളിക്കിലും വിഭോ
കഴിയില്ലതിലേറെയൊന്നിനും
മമചിത്തത്തിനു ശാന്തിയേകിടാൻ



13

# ആത്മീയ ശക്തി

എന്തിന്നു കേഴുന്നു ഭാരതാംബേ!
മാനസം നീറി നീ വിങ്ങിടുന്നു.
നിൻജീവരക്തം കൊടുത്തുനേടി
സ്വാതന്ത്ര്യമെങ്കിലും വ്യർത്ഥമായോ?
ജാതി, മതം, അർത്ഥം എന്നപേരിൽ
തങ്ങളിൽ തല്ലി തലതകർത്തും
ഇറ്റിറ്റുവീഴുന്ന ജീവരക്തം
കണ്ടു നീ ആകെ തളർന്നുപോയോ?
സാന്ത്വനമേകുവാൻ നേരമില്ല,
പായുന്നു സർവ്വവും നേടിവയ്ക്കാൻ.
അമ്മതൻ ദുഃഖങ്ങളാരറിയാൻ
ആർക്കുണ്ടു നേരമതിന്നുവേണ്ടി?
പക്ഷി മൃഗങ്ങൾക്കുമുണ്ടുസ്നേഹം,
മർത്ത്യനോ മർത്ത്യന്റെ ശത്രുവായി.
ആകാമിതെല്ലാം മനുഷ്യബന്ധ-
പ്രേരണയായിടാമിദ്ദുരന്തം.
ഊക്കോടെയുള്ള പ്രഹരമെല്ലാം
നീ നിന്റെ നെഞ്ചിലേക്കേറ്റുവാങ്ങി.
വിങ്ങി വിതുമ്പും മനസ്സുമായി
മക്കളെകാക്കുന്ന ഭാരതാംബേ!
അമ്മതൻ ആത്മീയ ശക്തിയാലെ
ഞങ്ങളെ കുറ്റ വിമുക്തരാക്കൂ.